ഭൂസംരക്ഷണസേനയുടെ ഘടനയും പ്രവർത്തന വിപുലീകരണവും

7 (*247) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂസംരക്ഷണസേനയുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് വ്യാപകമായി നടക്കുന്ന ഭൂമി കൈയ്യേറ്റങ്ങൾ തടയുന്നതിന് ഉതകും വിധം സേനയെ സജ്ജമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം ജില്ലകളിൽ ഭൂസംരക്ഷണ സേന പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(ഡി) സംസ്ഥാനത്തെ വൻകിട കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുന്നതിനും ഭൂസംരക്ഷണസേനയുടെ പ്രവർത്തനം വിപുലീകരിക്കാൻ തയ്യാറാകുമോ ;

(ഇ) ഭൂസംരക്ഷണ സേനയുടെ പ്രവർത്തനഫലമായി എത്ര അളവിൽ കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കാനായിട്ടുണ്ടെന്ന് വിശദമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഇടുക്കി ജില്ലാ കളക്ടറുടെ നിയന്ത്രണത്തിൽ, സായുധസേനയിൽ നിന്നും വിരമിച്ച 10 വിമുക്തഭടന്മാരാണ് നിലവിൽ ഭൂസംരക്ഷണ സേനയിലെ അംഗങ്ങൾ. സർക്കാർ ഭൂമിയിലെ കൈയ്യേറ്റങ്ങൾ തടയുന്നതിനും, ഒഴിപ്പിച്ചെടുത്ത സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനുമായിട്ടാണ് ഭൂസംരക്ഷണസേനയ്ക്ക് രൂപം നൽകിയിരിക്കുന്നത്. നിരീക്ഷണത്തിന് നൽകിയിരിക്കുന്ന സർക്കാർ ഭൂമിയിൽ കുറഞ്ഞത് മൂന്ന് എണ്ണമെങ്കിലും ഒരു ദിവസം സേനാംഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നിരീക്ഷിക്കേണ്ടതുണ്ട്. കൈയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത് നീക്കം ചെയ്യുന്നതിനും ഒഴിപ്പിക്കാൻ കഴിയാത്ത കൈയ്യേറ്റങ്ങൾക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി രജിസ്റ്റർ ചെയ്യുന്നതാണ്. സേനയിലെ പ്രവർത്തനങ്ങൾ ജില്ലാ കളക്ടറുടെ നിയന്ത്രണത്തിലാണ് നടന്നുവരുന്നത്. ഫോഴ്സിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ബീറ്റ് രജിസ്റ്റർ നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) നിലവിൽ ഭൂസംരക്ഷണ സേനയുടെ പ്രവർത്തനം ഇടുക്കി ജില്ലയിൽ മാത്രമാണുള്ളത്.

(സി) ഇടുക്കി ജില്ലയിൽ മാത്രം.

(ഡി) നിലവിലുള്ള റവന്യൂ സംവിധാനങ്ങൾ ഇതിന് പര്യാപ്തമാണ്.

(ഇ) ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലെ വിവിധ വില്ലേജുകളിലായി 424.76 ഏക്കർ ഭൂമിയും, ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ വില്ലേജിൽ 481.37 ഏക്കർ ഭൂമിയും റവന്യൂ ഉദ്യോഗസ്ഥരും ഭൂസംരക്ഷണ സേനയും ചേർന്ന് ഒഴിപ്പിച്ചെടുത്തിട്ടുണ്ട്.

പൊതുവിതരണ ശൃംഖലവഴി വിപണനം നടത്തുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ

8 (*248) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. എളമരം കരീം</u> :
<u>ശ്രീ. കെ. കെ. നാരായണൻ</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിപണനം നടത്തുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ ; അത്തരത്തിലുള്ള പരിശോധനകൾ നടത്താറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly